# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :103 — 11.07.2016 ൽ മറുപടിയ്ക്ക്

## സർക്കാർ ഭൂമി കൈയ്യേറ്റം തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ**<br>**ശ്രീ.വി.എസ്.അച്ചുതാനന്ദൻ**<br>**ശ്രീ.ഒ. ആർ. കേളു**<br>**ശ്രീ.മുരളി പെരുനെല്ലി :** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ ഭൂമി കൈയ്യേറ്റം തടയുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | സർക്കാർ ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള കൈയ്യേറ്റം ശ്രദ്ധയിൽപെട്ടാൽ കൈയ്യേറ്റ കക്ഷികൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുകയും അതോടൊപ്പം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ കൈയേറ്റ കക്ഷികളുടെ പേരിൽ കെ.എൽ.സി അമെന്റ്മെന്റ് ആക്ട് 2009 പ്രകാരം കേസ് ഫയൽ ചെയ്യാൻ നിർദ്ദേശം നൽകുകയും കൈയ്യേറ്റം ഒഴിപ്പിക്കാൻ പ്രായോഗികവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. സർക്കാർ ഭൂമിയെ സംബന്ധിച്ചുള്ള വ്യക്തമായ കണക്കും കൈയേറ്റങ്ങൾ കണ്ടെത്തി അവ യഥാവിധി തടയുന്നതിനും ശാസ്ത്രീയവും സമഗ്രവുമായ ഭൂവിനിയോഗവും ഭൂസംരക്ഷണവും സാദ്ധ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന സംവിധാനം സർക്കാർ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് സർക്കാർ ഭൂമി കൈയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്യാൻ ടോൾ ഫ്രീ നമ്പർ സംവിധാനം നിലവിലുണ്ട്. |
| (ബി) | കൈയ്യേറ്റക്കാർ അനധികൃതമായി കൈവശം വെച്ചിരിക്കുന്ന ഭൂമി തിരികെ പിടിക്കുവാൻ ശക്തമായ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ; | അനധികൃത കൈയ്യേറ്റം തടയാൻ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. കേരള വില്ലേജ് മാന്വൽ സെക്ഷൻ 13, 134, 135, 136 എന്നിവ പ്രകാരവും 1958 ലെ ഭൂ സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരവും പുറമ്പോക്കോ അല്ലാത്തതോ ആയ എല്ലാ സർക്കാർവക ഭൂമികളിലെയും അനധികൃത പ്രവേശനം |

| | | |
|---|---|---|
| | | നിരോധിക്കാനും, കൈയ്യേറ്റക്കാരുടെ മേൽ യഥാസമയം ശിക്ഷണ നടപടികൾ എടുത്ത് ഭൂമി സർക്കാരിലേയ്ക്ക് തിരികെ പിടിക്കുവാൻ റവന്യൂ ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. എ ഫോറം, സ്കെച്ച്, മഹസ്സർ എന്നിവയുടെ അടിസ്ഥാനത്തിൽ കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി ആക്ഷേപം ബോധിപ്പിക്കുവാൻ അവസരം നൽകി കൈയ്യേറ്റം വ്യക്തമായി ബോദ്ധ്യപ്പെടുന്ന കേസുകളിൽ ഭൂമി തിരികെ പിടിക്കുകയും ചെയ്യുന്നു. |
| (സി) | ഹാരിസൺ മലയാളം, ട്രാവൻകൂർ റബർ & ടീ, എ.വി.ടി തുടങ്ങിയ വൻകിട കൈയ്യേറ്റക്കാർക്ക് ഭൂമി മറിച്ച് വിൽക്കുന്നതിന് സൗകര്യമൊരുക്കിയ റവന്യൂ ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടി യുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | ഇത്തരം കേസ്സുകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ശ്രീ. എം.ജി രാജമാണിക്യം. ഐ.എ.എസ്-നെ ചുമതല പ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുള്ളതായി കണ്ടെത്തിയാൽ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ